**S 1934**

Sl. No.

# SSLC EXAMINATION, MARCH - 2024

## PHYSICS

(Malayalam)

Time : 1½ Hours

Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിറ്റ് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

Score

**സെക്ഷൻ - A**

**(ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 1 സ്കോർ വീതം)**

**4x1=4**

1. ഒന്നാം പദജോഡി ബന്ധം മനസ്സിലാക്കി രണ്ടാം പദജോഡി അനുയോജ്യമായി പൂർത്തിയാക്കുക. **1**

   ബ്രൗൺ എനർജി : കൽക്കരി     ഗ്രീൻ എനർജി : ________

2. ഒരാളുടെ നിയർ പോയിന്റ് 25 സെന്റിമീറ്ററും ഫാർപോയിന്റ് അനന്തത അല്ലാതിരിക്കുകയും ചെയ്താൽ അയാളുടെ കണ്ണിന് ________ **1**

   (ന്യൂനതയില്ല, ഹ്രസ്വദൃഷ്ടിയുണ്ട്, ദീർഘദൃഷ്ടിയുണ്ട്, വെള്ളെഴുത്തുണ്ട്)

3. അറ്റോമികഭാരം കൂടിയ ന്യൂക്ലിയസ്സുകളെ ഭാരം കുറഞ്ഞ ന്യൂക്ലിയസ്സുകളായി മാറ്റുന്ന പ്രവർത്തനം ഏത് പേരിലറിയപ്പെടുന്നു ? **1**

4. ഒരു ലെൻസിന്റെ പവർ +2D ആണെങ്കിൽ അതിന്റെ ഫോക്കസ് ദൂരം എത്ര ? **1**

5. X, Y എന്നീ രണ്ട് ബിന്ദുക്കൾക്കിടയിൽ 3 കൂളോം ചാർജ്ജിനെ നീക്കുന്നതിന് 12 J പ്രവൃത്തി ചെയ്തുവെങ്കിൽ ഈ ബിന്ദുക്കൾക്കിടയിലുള്ള പൊട്ടൻഷ്യൽ വ്യത്യാസം ________ ആണ്. **1**

Score

## സെക്ഷൻ - B

**(ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 2 സ്കോർ വീതം)**

**4x2=8**

6. ചിത്രം നിരീക്ഷിക്കൂ. ഒരു ഡി സി സ്രോതസ്സുമായി ബന്ധിപ്പിച്ചിട്ടുള്ള AB എന്ന ചാലകം സ്വതന്ത്രമായി ചലിക്കത്തക്ക വിധത്തിൽ U കാന്തത്തിന്റെ ധ്രുവങ്ങൾക്കിടയിൽ തൂക്കിയിട്ടിരിക്കുന്നു.




(a) സ്വിച്ച് ഓൺ ചെയ്യുന്ന അവസരത്തിൽ AB എന്ന ചാലകത്തിന്റെ ചലന ദിശ കണ്ടെത്താൻ സഹായിക്കുന്ന നിയമമേത് ? **1**

(b) ചാലകത്തിന്റെ ചലന ദിശ മാറ്റാൻ ക്രമീകരണത്തിൽ വരുത്താവുന്ന രണ്ട് മാറ്റങ്ങൾ എഴുതുക. **1**

7. വൈദ്യുതി പ്രവഹിക്കുന്ന ചാലകത്തിനു ചുറ്റും ഒരു കാന്തികമണ്ഡലമുണ്ടാകുന്നുണ്ടല്ലോ.

(a) ഈ കാന്തിക മണ്ഡലത്തിന്റെ ദിശ കണ്ടെത്താൻ സഹായിക്കുന്ന നിയമം എഴുതുക. **1**

(b) വൈദ്യുതി പ്രവഹിക്കുന്ന ചാലകത്തിനു ചുറ്റുമുണ്ടാവുന്ന കാന്തിക മണ്ഡലത്തിന്റെ ശക്തി വർദ്ധിപ്പിക്കാനുള്ള രണ്ട് മാർഗ്ഗങ്ങൾ എഴുതുക. **1**

8. ഒരു ചലിക്കും ചുരുൾ മൈക്രോഫോൺ പ്രവർത്തിക്കുമ്പോഴുള്ള വിവിധ ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| | | | |
|---|---|---|---|
| വൈദ്യുത സിഗ്നലുകൾ | ഡയഫ്രം കമ്പനം ചെയ്യുന്നു | ശബ്ദോർജ്ജം | കാന്തിക മണ്ഡലത്തിൽ കമ്പിച്ചുരുൾ ചലിക്കുന്നു. |

(a) ഇവ ശരിയായ ക്രമത്തിൽ എഴുതുക. **1**

(b) ഈ മൈക്രോഫോണിന്റെ പ്രവർത്തന തത്വമെന്ത് ? **1**

Score

9. സൂര്യ രശ്മികൾ ഒരു ഗ്ലാസ് പ്രിസത്തിലേക്ക് പ്രവേശിക്കുന്നതാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നത്. 2




ചിത്രം പകർത്തി പ്രകാശം സ്ക്രീനിൽ പതിക്കുന്നത് ചിത്രീകരിച്ച് വർണ്ണങ്ങൾ അടയാളപ്പെടുത്തുക.

10. ഇൻകാന്റസന്റ് ലാമ്പിലെ ഫിലമെന്റ് നിർമ്മിക്കാൻ ഉപയോഗിക്കുന്ന പദാർത്ഥമേത് ? 2
ഈ പദാർത്ഥത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?

## സെക്ഷൻ - C

**(ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 3 സ്കോർ വീതം.)**

**4x3=12**

11. ഒരു കുട്ടിയുടെ കൈവശം അനേകം 2Ω പ്രതിരോധകങ്ങൾ ഉണ്ട്. കുട്ടിക്ക് 9Ω സഫല പ്രതിരോധം ലഭിക്കുന്ന ഒരു സെർക്കീട്ട് ആവശ്യമുണ്ട്.

(a) ഈ സഫലപ്രതിരോധം ലഭിക്കാൻ ഉപയോഗിക്കേണ്ട 2Ω റെസിസ്റ്ററുകളുടെ ഏറ്റവും കുറഞ്ഞ എണ്ണം എത്രയായിരിക്കും ? 1

(b) ഈ പ്രതിരോധ ക്രമീകരണത്തിന്റെ സെർക്കീട്ട് വരക്കുക. 2

12. നൽകിയ സെർക്കീട്ടുകൾ വിശകലനം ചെയ്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




(a) *"ഈ സെർക്കീട്ടുകളിൽ രണ്ടാമത്തേതിൽ മാത്രമാണ് കാന്തികമണ്ഡലം പ്രേരണം ചെയ്യപ്പെടുന്നത്."* ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ ? വിശദമാക്കുക. 1

(b) ഏത് സെർക്കീട്ടിലാണ് തുടർച്ചയായി ഇ എം എഫ് പ്രേരണം ചെയ്യപ്പെടുന്നത് ? 2
ഈ പ്രതിഭാസം എന്തെന്ന് വിശദമാക്കുക.

Score

13. ദർപ്പണങ്ങളുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു. ഇവ ശരിയായ രീതിയിൽ ചേർത്ത് എഴുതുക. 3

| A<br>ദർപ്പണം | B<br>മിഥ്യയായ പ്രതിബിംബത്തിന്റെ സ്വഭാവം | C<br>ഉപയോഗം |
|---|---|---|
| കോൺകേവ് ദർപ്പണം | പ്രതിബിംബം എല്ലായ്പ്പോഴും ചെറുതായിരിക്കും | മുഖം നോക്കുന്നതിന് |
| കോൺവെക്സ് ദർപ്പണം | പ്രതിബിംബത്തിന്റെ വലുപ്പവും വസ്തുവിന്റെ വലുപ്പവും തുല്യമായിരിക്കും | ദന്തഡോക്ടർമാർ ഉപയോഗിക്കുന്നു. |
| സമതല ദർപ്പണം | പ്രതിബിംബം എല്ലായ്പ്പോഴും വലുതായിരിക്കും | വാഹനങ്ങളിൽ റിയർ വ്യൂ മിറർ ആയി ഉപയോഗിക്കുന്നു. |

14. ഒരു കോൺവെക്സ് ലെൻസിന്റെ മുഖ്യ അക്ഷത്തിൽ വസ്തു വച്ചിരിക്കുന്ന ചിത്രം ശ്രദ്ധിക്കൂ.




(a) രേഖാചിത്രം പൂർത്തീകരിച്ച് പ്രതിബിംബത്തിന്റെ സ്ഥാനം കണ്ടെത്തുക. 2

(b) ലഭിച്ച പ്രതിബിംബത്തിന്റെ സ്വഭാവങ്ങൾ എഴുതുക. 1

15. നല്ല ഇന്ധനം തിരഞ്ഞെടുക്കുമ്പോൾ കലോറിക മൂല്യം പരിഗണിക്കണം.

(a) ഒരു ഇന്ധനത്തിന്റെ കലോറിക മൂല്യം എന്നാൽ എന്ത് ? 1

(b) ഇന്ധനത്തിന്റെ പൂർണ്ണ ജ്വലനം നടക്കാൻ ആത്യാവശ്യമായുള്ള ഘടകങ്ങൾ ഏതെല്ലാം ? 1

(c) ഒരു നല്ല ഇന്ധനത്തിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ? 1

Score

## സെക്ഷൻ - D

**(ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ചോദ്യത്തിനും 4 സ്കോർ വീതം)**

**4x4=16**

**16.** 230V ൽ പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്ത ഒരു വൈദ്യുത ഉപകരണത്തിന്റെ പ്രതിരോധം 460 Ω ആണ്.

(a) 230V ൽ പ്രവർത്തിക്കുമ്പോൾ ഉപകരണത്തിലൂടെ പ്രവഹിക്കുന്ന കറന്റ് കണക്കാക്കുക. **1**

(b) വൈദ്യുത ഉപകരണത്തിന്റെ പവർ കണക്കാക്കുക. **1**

(c) ഈ ഉപകരണം 10 മിനിറ്റ് പ്രവർത്തിച്ചാൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന താപം കണക്കാക്കുക. **2**

**17.** ഒരു ട്രാൻസ്ഫോമറിന്റെ പ്രൈമറിയിൽ 100 ചുരുളുകളും സെക്കന്ററിയിൽ 1000 ചുരുളുകളുമുണ്ട്.

(a) ഈ ട്രാൻസ്ഫോമറിന്റെ ഏത് കോയിലിലായിരിക്കും വണ്ണം കൂടിയ കമ്പി ഉപയോഗിച്ചിരിക്കുന്നത് ? ഇതിന്റെ ആവശ്യകതയെന്ത് ? **2**

(b) ഒരു ട്രാൻസ്ഫോമറിന്റെ പ്രൈമറിയിൽ നിന്നും സെക്കന്ററിയിലേക്ക് വൈദ്യുതോർജം മാറ്റപ്പെടുന്നതെങ്ങനെയെന്ന് വിശദമാക്കുക. **2**

**18.** ഒരു ഗോളീയ ദർപ്പണത്തിന്റെ പോളിൽ നിന്നും 40 സെ. മീ അകലെ മുഖ്യ അക്ഷത്തിൽ ഒരു വസ്തു സ്ഥിതി ചെയ്യുന്നു. പ്രതിബിംബത്തിന്റെ ആവർധനം $-4$ ആണ്.

(a) ആവർധനത്തിലെ നെഗറ്റീവ് ചിഹ്നം എന്തിനെ സൂചിപ്പിക്കുന്നു ? **1**

(b) ദർപ്പണത്തിന്റെ പോളിൽ നിന്നും എത്രയകലത്തിലായിരിക്കും പ്രതിബിംബം രൂപപ്പെട്ടിരിക്കുന്നത് ? **1**

(c) ദർപ്പണത്തിന്റെ ഫോക്കസ് ദൂരം ന്യൂ കാർട്ടീഷ്യൻ ചിഹ്നരീതി ഉപയോഗിച്ച് കണക്കാക്കുക. **2**

Score

19. ഗ്ലാസിന്റെ ക്രിട്ടിക്കൽ കോൺ 42° ആണല്ലോ. ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.




(a) ക്രിട്ടിക്കൽ കോൺ എന്നാൽ എന്ത് ? 1

(b) ചിത്രത്തിൽ തന്നിരിക്കുന്ന പതന രശ്മി തുടർന്നുള്ള ദിശയിൽ സഞ്ചരിക്കുമ്പോൾ എന്തു സംഭവിക്കും ? 1

(c) ഇവിടെ പ്രകാശത്തിനുണ്ടാവുന്ന പ്രതിഭാസമെന്തെന്ന് വിശദമാക്കുക. 2

20. ചുവടെ നൽകിയ ഓരോന്നിനുമുള്ള കാരണം എഴുതുക.

(a) അതിവേഗത്തിൽ തിരിയുന്ന ന്യൂട്ടന്റെ വർണ്ണപമ്പരം വെളുത്തതായി കാണപ്പെടുന്നു. 1

(b) ഉദയ സമയത്ത് സൂര്യൻ ചുവപ്പു നിറത്തിൽ കാണപ്പെടുന്നു. 1

(c) തെളിഞ്ഞ ആകാശം നീലനിറത്തിൽ കാണപ്പെടുന്നു. 1

(d) മഞ്ഞുള്ള പ്രഭാതങ്ങളിൽ മരങ്ങൾക്കിടയിലൂടെ കടന്നു വരുന്ന സൂര്യ പ്രകാശത്തിന്റെ പാത വ്യക്തമായി കാണുന്നു. 1

-oOo-